നോവൽ -17

# അരുവിക്കാട്ടിലെ പഞ്ചവർണക്കിളികൾ

• ഷബ്ന പൊന്നാട്



## അരുവിക്കാട്ടുകാരുടെ കഷ്ടകാലം

അജിബനെയും കുടുംബത്തെയും കെട്ടുകെട്ടിച്ചാൽ അജിബന്റെ കാട്ടുനിയമം കാറ്റിൽ പറത്താമെന്ന പങ്കൻ കഴുകനോടുള്ള വാക്കും ചുകൻ പാലിച്ചു. ചെമ്പൻവനത്തിലുള്ളവർക്ക് എപ്പോൾ വേണമെങ്കിലും അരുവിക്കാട്ടിൽ വന്ന് ഇര തേടാനുള്ള അനുമതിയും നൽകി.

അരുവിക്കാട്ടുകാരുടെ കഷ്ടകാലം അവിടെ തുടങ്ങുകയായിരുന്നു. രാത്രിയിൽ പോലും സ്വസ്ഥമായി സ്വന്തം മാളത്തിൽ കിടന്നുറങ്ങാൻ കഴിയാതെയായി. തങ്ങളെ പാട്ടുപാടി ഉറക്കിയിരുന്ന അജിബനെ ഓർത്ത് അവർ കരഞ്ഞു.

അന്ന് കോരൻ കടുവയിൽ നിന്നും ഭാഗ്യംകൊണ്ടാണ് റിനി പുള്ളിമാൻ രക്ഷപ്പെട്ടോടിയത്. മകനെക്കൂടി നഷ്ടപ്പെട്ടാൽ തലതല്ലി ചാവുമെന്ന് പറഞ്ഞ് ഷിനി റിനിയെ കെട്ടിപ്പിടിച്ചു കരഞ്ഞു. കഴിഞ്ഞ ദിവസം ജില്ലി മുയലും തലനാരിഴക്കാണ് രക്ഷപ്പെട്ടത്. അരുവിക്കാട്ടിലുള്ളവരുടെ മേൽ ചെമ്പൻവനത്തിലുള്ളവരുടെ ആക്രമണം സഹിക്കാനാവുന്നതിലും അപ്പുറമായിരുന്നു. കഴിഞ്ഞ ആഴ്ച അഞ്ച് മുയലുകളെയും രണ്ട് മാൻപേടകളെയുമാണ് ചെമ്പൻവനത്തിലുള്ളവർ പിടിച്ചുകൊണ്ടുപോയത്. ഇങ്ങനെപോയാൽ അരുവിക്കാടുതന്നെ നശിച്ചുപോകും. എന്തെങ്കിലും ചെയ്തേ മതിയാവൂ. ജിനു പുള്ളിക്കുയിലിന്റെ നേതൃത്വത്തിൽ എല്ലാവരും ചുകന്റെ അരികിലെത്തി കാര്യങ്ങൾ ധരിപ്പിച്ചു. ഒരു പരിഹാരമാർഗം കണ്ടുപിടിച്ചേ മതിയാവൂ. എന്നവർ ആവശ്യപ്പെട്ടു. ''അല്ലെങ്കിൽ ഞങ്ങൾ

▸▸ ഇന്ത്യയിൽ ഏറ്റവുമധികം ജൈനമതക്കാരുള്ള സംസ്ഥാനം– മഹാരാഷ്ട്ര



അരുവിക്കാട് വിട്ട് എങ്ങോട്ടെങ്കിലും പോവും.' അവർ ഉറപ്പിച്ചു പറഞ്ഞു.

അതു കേട്ടപ്പോൾ അധികാരസുഖത്തിൽ കാട്ടുചെമ്പകക്കൊമ്പിലെ കൂട്ടിലിരിക്കുകയായിരുന്ന ചുകനൊന്നു ഞെട്ടി. അധികാരത്തിന്റെ സുഖം ആസ്വദിച്ചു വരുന്നേയുള്ളൂ. അജിബൻ പ്രജകൾക്ക് വേണ്ടിയാണ് ജീവിച്ചതെങ്കിൽ താൻ പ്രജകളാലാണ് ജിവിക്കുന്നത്. തനിക്ക് വേണ്ട ഭക്ഷണവും മറ്റും യഥാസമയങ്ങളിൽ എത്തിക്കാൻ കൽപനയിട്ടിരിക്കുകയാണ്. അതവർ എതിർവാക്കില്ലാതെ അനുസരിക്കുകയും ചെയ്യുന്നുണ്ട്. അപ്പോൾ അവരുടെ സംരക്ഷണം തന്റെ ചുമതലയാണെന്ന് ചുകനറിയാം. എന്നാൽ ഇത്രയും ദിവസം താൻ ശ്രദ്ധിച്ചതേയില്ല.

പക്ഷേ, എല്ലാവരും കാടുവിട്ടുപോയാൽ പിന്നെ രാജാവായി ഇരുന്നിട്ടെന്തു കാര്യം? എല്ലാത്തിനും ഒരു പരിഹാരം ഉടൻ ഉണ്ടാവും. ചുകൻ അവരെ പറഞ്ഞ് സമാധാനിപ്പിച്ച് ഒരു വഴി കണ്ടെത്താൻ പങ്കൻ കഴുകന്റെ അരികിലേക്കു പോയി.

മൂക്കുമുട്ടേ തിന്നതിന്റെ സുഖത്തിലങ്ങനെ കിടക്കുകയായിരുന്നു പങ്കൻ. ചുകനെ കണ്ടപ്പോൾ സന്തോഷസൂചകമായി ഒരു ഏമ്പക്കവും കൂടി നീട്ടിവിട്ടു അവൻ. അതു കേട്ട് അത്ര രസിക്കാതെ ചുകൻ പിറുപിറുത്തു:

''നീയിവിടെ സുഖമായി ഏമ്പക്കവും വിട്ട് കിടന്നോ...''

''അതിനിപ്പോ എന്താ ഉണ്ടായേ?'' പങ്കൻ ചുണ്ട് തുടച്ചുകൊണ്ട് ചോദിച്ചു.

''അവിടെയുള്ളവർ എനിക്കൊരു സൈ്വരവും തരുന്നില്ല. ഇങ്ങനെ പോയാൽ അവരെല്ലാം കാടുവിടുമെന്ന് ഭീഷണി മുഴക്കിയിരിക്കയാണ്.''

''എങ്ങനെ പോയാൽ?''

''പങ്കാ, നീയൊന്നും മനസ്സിലാവാത്തതു പോലെ നടിക്കരുത്!''

ചുകൻ ദേഷ്യത്തോടെ പറഞ്ഞു.

''നീയിപ്പോ അരുവിക്കാട്ടിൽ രാജാവായി വിലസുകയാണെന്ന് എനിക്കറിയാം. അവിടെയുള്ളവർ കാടു വിട്ടാൽ അത് നിനക്ക് തിരിച്ചടിയാവും. പക്ഷേ, അരുവിക്കാട് വിട്ട് അവർ എങ്ങോട്ട് പോവാനാ ചുകാ. അരുവിക്കാടിന് ചുറ്റും ചെമ്പൻ വനമല്ലേ. അവരെങ്ങോട്ട് പോയാലും അത് മരണത്തിന്റെ വായിലേക്കായിരിക്കും ചെന്നെത്തുക.''

''ആണോ?'' ചുകൻ വിശ്വസിക്കാനാവാതെ ചോദിച്ചു.

''രാജാവായാൽ അതൊക്കെ അറിയണ്ടേ ചുകാ''.

''രാജാവായാൽ പ്രജകളുടെ കാര്യവും കുറച്ചൊക്കെ ശ്രദ്ധിക്കണ്ടേ... അതുകൊണ്ട് പങ്കാ, രാത്രികാലങ്ങളിലുള്ള അക്രമണം ഒഴിവാക്കാൻ ഗർജൻ സിംഹത്തോട് പറയണം.'' ചുകൻ അപേക്ഷിച്ചു.

''അത് ഞാൻ പറയാം. ഇനി കുറച്ചു കഴിയുമ്പോ അജിബനെ പോലെ പുതിയ നിയമങ്ങളുമായി വന്നേക്കരുത്. വന്നാൽ കാട്ടുപഴം കൊടുത്ത് ഷബോനിയെ ചതിച്ച കാര്യം ഞാൻ അരുവിക്കാട്ടുകാരോട് പറയും. അവരെല്ലാം കൂടി നിന്നെ കൊത്തിക്കൊല്ലും.''

അതു കേട്ടപ്പോൾ ചുകനൊന്ന് ഞെട്ടി. പിന്നീട് അവിടെ അധികം നിൽക്കാതെ അവൻ കൂട്ടിലേക്ക് മടങ്ങി.

*(തുടരും)*

▸▸ സൂപ്പർ കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നത്– സിമോർക്രെ